# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1796 18.06.2012 -ൽ മറുപടിയ്ക്ക്**

**ശ്രീ കെ. പി. യോഹന്നാന്റെ അനധികൃത സ്വത്ത് സമ്പാദനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ വി. എസ്. സുനിൽ കുമാർ | ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സുവിശേഷ പ്രാസംഗികൻ ശ്രീ കെ. പി. യോഹന്നാന്റെ നേതൃത്വത്തിൽ എത്ര സംഘടനകൾ സംസ്ഥാനത്ത് പ്രവർത്തിച്ച കൊണ്ടിരിക്കുന്നു ; | (എ) പത്തനംതിട്ട ജില്ലയിലെ തിരുവല്ല ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന ഗോസ്പൽ ഫോർ ഏഷ്യ, ബിലിവേഴ്സ് ചർച്ച് എന്നീ പബ്ലിക് ട്രസ്റ്റുകളിൽ ശ്രീ കെ. പി. യോഹന്നാൻ ഒരു ട്രസ്റ്റിയാണ്. |
| (ബി) ഈ സംഘടനകൾക്ക് വിദേശരാജ്യങ്ങളിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുന്ന വിവരം അന്വേഷിച്ചിട്ടുണ്ടോ ; | (ബി) മേൽ ട്രസ്റ്റുകൾക്ക് വിദേശരാജ്യങ്ങളിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) ഉണ്ടെങ്കിൽ പ്രതിവർഷം എത്ര കോടി രൂപയുടെ സഹായം ഈ സംഘടനകൾക്ക് ലഭിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ ; | (സി) 1990 – 91 സാമ്പത്തിക വർഷം മുതൽ ഇന്നുവരെ ഓരോവർഷവും ഏതാണ്ട് 10 കോടി രൂപയ്ക്കും 100 കോടി രൂപയ്ക്കും ഇടയിലുള്ള തുക വിദേശരാജ്യങ്ങളിൽ നിന്നുള്ള ധനസഹായമായി മേൽ ട്രസ്റ്റുകൾക്ക് ലഭിച്ചിട്ടുണ്ട്. ഇങ്ങനെ ആകെ 1000 കോടിരൂപയിലധികം ഈ ട്രസ്റ്റുകൾക്ക് ലഭിച്ചിട്ടുള്ളതായി അറിയുന്നു. |
| (ഡി) ഇദ്ദേഹത്തിന്റെ പേരിൽ കേരളത്തിൽ എത്ര ഏക്കർ സ്ഥലം ഉണ്ടെന്ന് ആഭ്യന്തര വകുപ്പ് അന്വഷിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ; | (ഡി) പ്രാഥമിക അന്വഷണം നടത്തിയിട്ടുണ്ട്. കോട്ടയം ജില്ലയിലെ ചെറുവള്ളിത്തോട്ടം എന്ന 2263 എക്കർ വിസ്തൃതിയുള്ള എസ്റ്റേറ്റ്, ബിലിവേഴ്സ് ചർച്ച് എന്ന ട്രസ്റ്റിന്റെ കൈവശം ഉണ്ട്. കൂടാതെ പത്തനംതിട്ട, എറണാകുളം, കോട്ടയം തുടങ്ങി വിവിധ ജില്ലകളിലായി മേൽ ട്രസ്റ്റുകൾക്ക് സ്വന്തമായി സ്ഥലം ഉള്ളതായി അറിയുന്നു. |
| (ഇ) ഭൂപരിഷ്കരണ നിയമത്തിന്റെ പരിധിയിൽ കവിഞ്ഞ്, ഭൂമി ഇദ്ദേഹം കൈവശം വച്ചിരിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(എഫ്) ശ്രീ കെ. പി. യോഹന്നാന്റെ വരുമാന സ്രോതസുകൾ, പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കാമോ ? | (ഇ) & (എഫ്) ഇതു സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിധിയിൽക്കവിഞ്ഞ് പ്രസ്തുത ട്രസ്റ്റുകൾ ഭൂമി കൈവശം വച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് അന്വഷണം നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ശ്രീ കെ. പി. യോഹന്നാന്റെ വരുമാന സ്രോതസുകൾ സംബന്ധിച്ച് സി.ബി.ഐ. അന്വഷണം ആവശ്യപ്പെട്ട് സമർപ്പിക്കപ്പെട്ടിട്ടുള്ള ഒരു റിട്ട് ഹർജി ബഹു. കേരള ഹൈക്കോടതിയുടെ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ